## പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ – *11 28.05.2019- ൽ മറുപടിയ്ക്ക്

### പ്രവാസി പുനരധിവാസ പദ്ധതി

| | ചോദ്യം<br>ശ്രീ.എ. എൻ. ഷംസീർ<br>ശ്രീമതി.വീണാ ജോർജ്ജ്<br>ശ്രീ.വി. അബ്ദുറഹിമാൻ<br>ശ്രീ.എം. മുകേഷ് | | മറുപടി<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|---|---|
| എ) | ഗൾഫ് രാജ്യങ്ങളിൽ സ്വദേശിവൽക്കരണം തീവ്രമാക്കിയതിനാൽ പ്രവാസികൾ കൂട്ടതലായി മടങ്ങിവരാൻ നിർബന്ധിതമാകുന്ന സാഹചര്യത്തിൽ ഇങ്ങനെ മടങ്ങിവരുന്നവർക്കായുള്ള പദ്ധതിയുടെ കാര്യക്ഷമത വിലയിരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | എ) | ഗൾഫ് രാജ്യങ്ങളിൽ സ്വദേശിവൽക്കരണം മൂലം ജോലി നഷ്ടപ്പെട്ട് തിരികെയെത്തുന്നവർക്ക് ചെറുകിട സംരംഭങ്ങൾ തുടങ്ങുന്നതിനും സ്വയം തൊഴിൽ കണ്ടെത്തുന്നതിനും നോർക്ക ഡിപ്പാർട്ടമെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM) എന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഈ പദ്ധതിയുടെ കാര്യക്ഷമത വിലയിരുത്തുകയും പദ്ധതി നടത്തിപ്പിൽ ക്രമാനുഗതമായ പുരോഗതി കൈവരിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തുകയും ചെയ്തിട്ടുണ്ട്. ഈ പദ്ധതിയിൽ 2016-17 സാമ്പത്തിക വർഷത്തിൽ 328 സംരംഭങ്ങൾ ആരംഭിച്ചിരുന്നു. 2017-18-ൽ ഇത് 413 ആയും 2018-19-ൽ 791 ആയും വർദ്ധിച്ചിട്ടുണ്ട്. സബ്സിഡി ഇനത്തിലും ഗുണഭോക്താക്കളുടെ വർക്ക്ഷോപ്പ്, സംരംഭകത്വ പരിശീലനം എന്നിവയുമായി 2016-17 സാമ്പത്തിക വർഷം 3.97 കോടി രൂപയും, 2017-18-ൽ 4.13 കോടി രൂപയും 2018-19-ൽ 14.45 കോടി രൂപയും ചിലവഴിച്ചിട്ടുണ്ട്. പദ്ധതി തുടങ്ങുമ്പോൾ ഒരു ധനകാര്യ സ്ഥാപനം മാത്രമാണ് ധാരണാപത്രം ഒപ്പു വച്ചിരുന്നത്. |

| | | | |
|---|---|---|---|
| | | | എന്നാൽ പദ്ധതി കാര്യക്ഷമമാക്കിയതിന്റെ ഭാഗമായി ഇപ്പോൾ 13 ധനകാര്യ സ്ഥാപനങ്ങളുമായി ധാരണാപത്രത്തിൽ ഏർപ്പെടാൻ കഴിഞ്ഞിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി മേഖലാടിസ്ഥാനത്തിൽ പരിശീലനം, ബോധവത്കരണം, സെമിനാറുകൾ, ബാങ്കിലേയ്ക്കാവശ്യമായ പ്രോജക്റ്റ് റിപ്പോർട്ട് എന്നിവ കേരള സർക്കാർ സ്ഥാപനമായ സെന്റർ ഫോർ മാനേജ്മെന്റ് ഡവലപ്മെന്റ് എന്ന സ്ഥാപനം മുഖാന്തിരം നോർക്ക-റൂട്ട്സ് നൽകി വരുന്നുണ്ട്. കഴിഞ്ഞ സാമ്പത്തിക വർഷം (2018-19) 791 ഗുണഭോക്തക്കൾക്കായി/സംരംഭകർക്കായി സബ്സിഡി ഇനത്തിലും ഗുണഭോക്താക്കളുടെ വർക്ക്ഷോപ്പ്, സംരംഭകത്വപരിശീലനം എന്നിവയുമായി ബഡ്ജറ്റ് വിഹിതമായ 15 കോടി രൂപ പൂർണ്ണമായും വിനിയോഗിച്ച് പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കിയിട്ടുണ്ട്. |
| ബി) | പ്രവാസി പുനരധിവാസപദ്ധതി വിപുലീകരിക്കുന്നതിനായി കേരള ഫിനാൻഷ്യൽ കോർപ്പറേഷനുമായും ഫെഡറൽ ബാങ്കുമായും നോർക്ക ധാരണാപത്രം ഒപ്പവച്ചത് എത്രമാത്രം പ്രയോജനപ്രദമാകുമെന്ന് അറിയിക്കാമോ; | ബി) | പ്രവാസി പുനരധിവാസപദ്ധതി വിപുലീകരിക്കുന്നതിന്റെ ഭാഗമായി മറ്റ് ധനകാര്യസ്ഥാപനങ്ങളോടൊപ്പം കേരള ഫിനാൻഷ്യൽ കോർപ്പറേഷനും, ഫെഡറൽ ബാങ്കും ധാരണാപത്രം ഒപ്പു വച്ചിട്ടുണ്ട്. കേരളത്തിൽ 800 ബ്രാഞ്ചുകൾ ഉള്ളതും നല്ലൊരു ശതമാനം എൻ.ആർ.ഐ അക്കൗണ്ട് ഉള്ളതുമായ ഫെഡറൽ ബാങ്ക് ഈ പദ്ധതിയുമായി സഹകരിക്കുന്നത് പ്രവാസി പുനരധിവാസ പദ്ധതി കൂടുതൽ ഗുണഭോക്താക്കളിലേക്കെത്തിക്കാൻ സഹായകമാകും. തിരുവനന്തപുരം ആസ്ഥാനമായുള്ള കേരള ഫിനാൻഷ്യൽ കോർപ്പറേഷന് 16 ശാഖകളും കോഴിക്കോട്, എറണാകുളം, കൊല്ലം എന്നിവിടങ്ങളിൽ മേഖലാ ഓഫീസുകളും പ്രവർത്തിക്കുന്നുണ്ട്. കേരളത്തിൽ വ്യാവസായിക സംരംഭങ്ങൾക്ക് വായ്പ നൽകുന്നതിൽ പ്രമുഖ സ്ഥാനമാണ് കേരളാ ഫിനാൻഷ്യൽ കോർപ്പറേഷനുള്ളത്. നോർക്ക ഡിപ്പാർട്ടുമെന്റ് പ്രോജക്റ്റ് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM) വഴിയുള്ള ചെറുകിട |

| | | | |
|---|---|---|---|
| | | | വ്യവസായങ്ങൾക്ക് ഉണർവ്വും ഊർജ്ജവും നൽകാൻ ഇത്തരം ധനകാര്യ സ്ഥാപനങ്ങളുടെ പങ്കാളിത്തം നല്ലൊരു പങ്ക് വഹിക്കുന്നു. |
| സി) | പ്രവാസികൾക്ക് സ്ഥിരവരുമാനം ഉറപ്പാക്കുന്നതിന് പെൻഷൻ പദ്ധതി നടപ്പിലാക്കാനുദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരം നൽകാമോ? | സി) | നിലവിൽ 18 വയസ്സിനും 55 വയസ്സിനും ഇടയ്ക്ക് അംഗത്വമെടുത്ത് തുടർച്ചയായി അംശദായമടച്ച വരുന്നവർക്ക് 60 വയസ്സ് പൂർത്തിയാകുന്ന മുറയ്ക്കും, 55 വയസ്സിനും 60 വയസ്സിനും മദ്ധ്യേ അംഗത്വമെടുത്ത് തുടർച്ചയായി അംശദായമടച്ച വരുന്നവർക്ക് അഞ്ചു വർഷം പൂർത്തിയാകുന്ന മുറയ്ക്കും പ്രതിമാസം 2,000/- രൂപ നിരക്കിൽ കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡ് വഴി പെൻഷൻ നൽകി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ